തോത് കുറയ്ക്കാൻ സഹായിക്കുമെന്നല്ലാതെ ബോർഡിന്റെ വൈദ്യുതി നിരക്കിനെ നേരിട്ട് ഇത് ബാധിക്കില്ല. കൂടാതെ വൈദ്യുതി ബോർഡിനുണ്ടാകുന്ന ശരാശരി ചെലവിനേക്കാൾ വളരെ കുറഞ്ഞ വിലയ്ക്കാണ് ബോർഡ് ഇപ്പോൾ ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നത്. മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ട് നിലവിലുള്ള നിരക്ക് കുറയ്ക്കുവാൻ സാധിക്കുകയില്ല.

വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും

105 (1641) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനം എന്നാണ് കേരളത്തിൽ ആരംഭിച്ചത് ; റഗുലേറ്ററി കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി ബോർഡിന്റെ നഷ്ടം കുറയ്ക്കാൻ ഉതകുന്ന എന്തെല്ലാം നിർദ്ദേശങ്ങളാണ് റഗുലേറ്ററി കമ്മീഷൻ ബോർഡിന് നൽകിയിട്ടുള്ളത് ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും റഗുലേറ്ററി കമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് ബോർഡിൽ നടപ്പാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ഡി) താരിഫ് നിരക്ക് വർദ്ധനവ് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം കമ്മീഷൻ ബോർഡിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശം സംബന്ധിച്ചുള്ള വിശദാംശം നൽകുമോ ;

(ഇ) റഗുലേറ്ററി കമ്മീഷന്റെ താരിഫ് നിരക്ക് വർദ്ധനവ് നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 29-11-2002-നാണ് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നത്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും 10-6-2003-ൽ നിലവിൽവന്ന 2003-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്റ്റിന്റെ സെക്ഷൻ 86-ൽ പറഞ്ഞിട്ടുണ്ട്. അതിന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ റഗുലേറ്ററി കമ്മീഷൻ നൽകിയിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.

1. കേന്ദ്രപൂളിൽ നിന്നും വാങ്ങാനുള്ള വൈദ്യുതിയുടെ ഷെഡ്യൂൾ തയ്യാറാക്കുമ്പോൾ വൈദ്യുതിയുടെ വില ഏറ്റവും കുറഞ്ഞ നിരക്കിൽ വരത്തക്കവിധം ഷെഡ്യൂൾ ക്രമീകരിക്കുക. എല്ലാ മാസാവസാനവും ബോർഡിന്റെ ഉന്നതാധികാരികൾ ഇതിനെക്കുറിച്ച് വിശകലനം നടത്തുക.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. മധുര-തിരുവനന്തപുരം 400 കെ. വി.ലൈൻ നിർമ്മാണവും പവർഗ്രിഡിന്റെ അനുബന്ധ ജോലികളും സമയബന്ധിതമായി 31-12-2003-ൽ തന്നെ പൂർത്തിയാക്കുക.

3. മാടക്കത്തറ 400 കെ. വി. സബ് സ്റ്റേഷനിലെ ഊർജ്ജ ലഭ്യതയേയും വിതരണത്തേയും കുറിച്ച് വിശദമായ പഠനം നടത്തിയ ശേഷം ആവശ്യമെങ്കിൽ സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി കൂട്ടുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

4. റവന്യൂ കളക്ഷൻ കൂടുതൽ കാര്യക്ഷമമാക്കാനുള്ള സമയബന്ധിത പദ്ധതികൾ ആവിഷ്ക്കരിക്കുക.

5. കേടായ മീറ്ററുകൾ, തെറ്റായ മീറ്റർ റീഡിംഗ്, ശരിയല്ലാത്ത ബില്ലിംഗ്, മോഷണം എന്നിവകൊണ്ടുള്ള നഷ്ടം ഏറെക്കുറെ കൃത്യമായി കണക്കാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

6. കേടായ മീറ്ററുകൾ കണ്ടുപിടിക്കാനും മാറ്റിവയ്ക്കാനും ഉള്ള നടപടികൾ സ്വീകരിക്കുക.

7. എച്ച്. ടി., ഇ. എച്ച്. ടി., ഉപഭോക്താക്കൾക്ക് കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്നത് കൂടാതെ വിദൂര മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

8. ചില തിരഞ്ഞെടുക്കപ്പെട്ട ഫീഡറുകളിലും റിമോട്ട് മീറ്ററിംഗ് (വിദൂര മീറ്ററിംഗ്) നടത്തുക.

(സി) മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ 1,2,4,5,6 എന്നിവ പരിഗണിച്ചു വരുന്നു. 3,7,8 എന്നിവ പരിശോധിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) പ്രസക്തമല്ല.

വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ശുപാർശ

106 (1642) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്ജിൽ വരുത്തിയ ആകെ വർദ്ധനവ് മുൻ ഗവൺമെന്റിന്റെ കാലത്ത് നിലവിലുണ്ടായിരുന്നതിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിവിധ വിഭാഗങ്ങൾക്ക് ഈടാക്കിയിരുന്ന വൈദ്യുതി ചാർജും ഇപ്പോൾ ഈടാക്കുന്നതും തമ്മിലുള്ള വ്യത്യാസം എന്നിവകളടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) എത്രയധികം ചാർജ്ജ് വർദ്ധിപ്പിക്കുവാനാണ് റഗുലേറ്ററി കമ്മീഷൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly